# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3154      03.04.2013-ലെ മറുപടിയ്ക്ക്

## "ഹോർട്ടികോർപ്പ് വഴി പച്ചക്കറി സംഭരണം"

| ചോദ്യം<br>ശ്രീ. കെ. വി. വിജയദാസ് | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) കഴിഞ്ഞ വർഷം പാലക്കാട്ടെ പച്ചക്കറി കർഷകർ അർഹമായ വില ലഭിയ്ക്കാത്തതു കാരണം വിളവെടുത്ത നല്ലൊരു ശതമാനം പച്ചക്കറികൾ മണ്ണിൽ കുഴിച്ചു മൂടിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) കഴിഞ്ഞ വർഷം പാലക്കാട് ജില്ലയിൽ നെന്മാറ ബ്ലോക്കിൽ പച്ചക്കറി ഉല്പാദനം പതിവിലും കൂടുതലായിരുന്നു. പടവലം മാർക്കറ്റിൽ വിറ്റുപോകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ കൃഷി വകുപ്പ് ഇടപെടുകയും വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വിപണനം ത്വരിതപ്പെടുത്തുകയും ചെയ്തു. |
| (ബി) വരുന്ന വർഷം ഈ സ്ഥിതി ഉണ്ടാവാതിരിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്ന വിവരം നൽകുമോ; | (ബി) പച്ചക്കറി കർഷകരേയും ക്ലസ്റ്റർ ഭാരവാഹികളേയും ഉൾപ്പെടുത്തി യോഗം ചേർന്ന് ഒരേ ഇനം പച്ചക്കറികൾ കൃഷി ചെയ്യാതെ വ്യത്യസ്ഥങ്ങളായ ഇനങ്ങളിലുള്ളവ കൃഷി ചെയ്യുന്നതിന് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. സർക്കാർ ഏജൻസികളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയെ മാർക്കറ്റിൽ ഇടപെടുത്തിയിട്ടുണ്ട്.പാലക്കാട് ജില്ലയുടെ കാർഷിക മേന്മ മനസ്സിലാക്കി കർഷകർക്കും ഉപഭോക്താക്കൾക്കും കൂടുതൽ സേവനം ലഭ്യമാക്കുന്നതിനായി പാലക്കാട് ജില്ലയിൽ ഹോർട്ടിക്കോർപ്പിൻെറ ജില്ലാ സംഭരണ കേന്ദ്രം തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ പച്ചക്കറികളും പഴ വർഗ്ഗങ്ങളും സംഭരിക്കുന്നുണ്ടെങ്കിലും ഇത് |

| | |
|---|---|
| | കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കർഷകർക്ക് മേലിൽ ദുരനുഭവങ്ങൾ ഉണ്ടാകാതിരിക്കാനും കൂടിയാണ് ഇത്തരത്തിൽ അടിയന്തിര നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (സി) ഹോർട്ടികോർപ്പ് വഴി പ്രസ്തുത പച്ചക്കറികൾ മുഴുവൻ സംഭരിച്ച് സംഭരിക്കുമ്പോൾത്തന്നെ ആയതിൻെറ വിലയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിക്കുന്ന മുറയ്ക്ക് തന്നെ അതിൻെറ വില കർഷകർക്ക് നൽകുന്നതാണ്. ജില്ലാ സംഭരണ കേന്ദ്രം പാലക്കാട്ടില്ലാതിരുന്നതിനാലാണ് ചില സമയങ്ങളിൽ വില നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്. ജില്ലാ സംഭരണ കേന്ദ്രം തുടങ്ങുന്നതോടെ ഇതിനൊരു പരിഹാരമുണ്ടാകും. |

സെക്ഷൻ ഓഫീസർ